# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ
ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C. No. 10/2022

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

പ്രിയരെ, ബാംഗ്ലൂരിൽ ഓർത്തഡോക്സ് ആരാധന ആരംഭിച്ചതിന്റെ 75-ാം വാർഷികവും ബാംഗ്ലൂർ ഭദ്രാസനം നിലവിൽ വന്നതിന്റെ പത്താം വാർഷികവും സംയുക്തമായി ആഘോഷിക്കുകയാണല്ലോ? ആഘോഷങ്ങളുടെ സമാപനചടങ്ങുകളെക്കുറിച്ചും, സഭയിൽ പുതുതായി അഭിഷിക്തരായ മെത്രാപ്പോലീത്താമാർ, പുതുതായി തിരഞ്ഞെടുക്കപ്പെട്ട സഭാസ്ഥാനികൾ എന്നിവർക്ക് ബാംഗ്ലൂർ ഭദ്രാസനം നൽകുന്ന സ്വീകരണത്തെക്കുറിച്ചും ആലോചിക്കുന്നതിനായി നമ്മുടെ അദ്ധ്യക്ഷതയിൽ ഭദ്രാസനത്തിലെ വൈദീകർ, ഭദ്രാസനത്തിൽ നിന്നുള്ള സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, ജൂബിലി ആഘോഷക്കമ്മിറ്റി അംഗങ്ങൾ, ഇടവകകളിലെ കൈസ്ഥാനികൾ, സെക്രട്ടറിമാർ, ആത്മീകസംഘടനകളുടെ ഭദ്രാസന ചുമതലക്കാർ, ഭദ്രാസന അസംബ്ലി അംഗങ്ങൾ, ഭദ്രാസനത്തിൽ നിന്നുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങൾ എന്നിവരുടെ ഒരു യോഗം 2022 ആഗസ്റ്റ് മാസം 17-ാം തീയതി വൈകിട്ട് 8 മണിക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ കൂടുകയുണ്ടായി. ആലോചനായോഗത്തിലെ തീരുമാനങ്ങൾ നിങ്ങളെ ഈ കല്പനയിലൂടെ അറിയിക്കുന്നു.

1. സമാപനസമ്മേളനവും സ്വീകരണവും 2022 ഒക്ടോബർ മാസം 1-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ ബാംഗ്ലൂർ ക്യാമ്പസ് ക്രൂസേഡ് ഓഡിറ്റോറിയത്തിൽ നടക്കുന്നതാണ്.

2. സമ്മേളനത്തിലേക്ക് ബാംഗ്ലൂരിലുള്ള അപ്പോസ്തോലിക സഭാ തലവന്മാർ, രാഷ്ട്രീയരംഗത്തുള്ളവർ എന്നിവരെ ക്ഷണിക്കേണ്ടതാണ്.

3. സമ്മേളനം വിജയിപ്പിക്കുവാൻ ബാംഗ്ലൂർ റീജിയണിലുള്ള എല്ലാ ദേവാലയങ്ങളും വാഹനങ്ങൾ ക്രമീകരിച്ച് ജനങ്ങളെ സമ്മേളനസ്ഥലത്ത് എത്തിക്കേണ്ടതാണ്. അതോടൊപ്പം മറ്റുള്ള റീജിയണുകളിൽ നിന്നും വൈദീകരും ജനങ്ങളും സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

4. സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിനായി വൈദീകർ വൈസ് പ്രസിഡന്റുമാരായും അയ്മേനികൾ കൺവീനർമാരായും വിവിധ സബ്കമ്മിറ്റികൾ രൂപീകരിച്ചു.

*Contd.... 2*

5. സമ്മേളന സമയത്ത് ഗാനങ്ങൾ ആലപിക്കുന്നതിനായി എല്ലാ ദേവാലയങ്ങളിലെയും പ്രതിനിധികളെ പങ്കെടുപ്പിച്ച് ഒരു ക്വയർ രൂപീകരിക്കുവാൻ തീരുമാനിച്ചു.

6. സമ്മേളനത്തിന്റെയും അനുബന്ധ ചടങ്ങുകളുടെയും നടത്തിപ്പിന് തുക കണ്ടെത്തുന്നതിന് എല്ലാ ഇടവകകളും ഇപ്പോൾ ഭദ്രാസനകേന്ദ്രത്തിൽ അടയ്ക്കുന്ന സാലറി ക്വോട്ടായുടെ 50% തുക 2022 സെപ്റ്റംബർ 15നു മുമ്പായി

| | | |
|---|---|---|
| **A/c Name** | **:** | **MOSC BANGALORE DIOCESE** |
| **A/c No.** | **:** | **38478918935** |
| **IFSC** | **:** | **SBIN0017734** |
| **Bank** | **:** | **STATE BANK OF INDIA** |
| **Branch** | **:** | **KOTHANUR BRANCH** |

എന്ന അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

7. കൂടാതെ വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുവാനും മലയാള മനോരമ ദിനപ്പത്രത്തിൽ ഒരു സപ്ലിമെന്റ് പ്രസിദ്ധീകരിക്കത്തക്കവണ്ണം സ്പോൺസർമാരെ കണ്ടെത്തുവാനും തീരുമാനിച്ചു.

വീണ്ടും പ്രിയരെ, നമ്മുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഭദ്രാസനം നടത്തിയ ചാരിറ്റി പ്രവർത്തനങ്ങൾ ഏറ്റം മാതൃകാപരമായിരുന്നു. അതിന് നിങ്ങൾ നൽകിയ പ്രാർത്ഥനാപൂർവ്വമായ പിന്തുണയ്ക്ക് നന്ദി അറിയിക്കുന്നു. സുവനീറിന്റെ പ്രസിദ്ധീകരണവും ജൂബിലി സമാപനചടങ്ങിൽ നടത്തുന്നതാണ്. സമാപനസമ്മേളനവും സ്വീകരണചടങ്ങും വിജയിപ്പിക്കുവാൻ നിങ്ങളുടെ പ്രാർത്ഥനയും സാന്നിദ്ധ്യവും സഹായസഹകരണങ്ങളും തീർച്ചയായും ഉണ്ടാകണം.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2022 ആഗസ്റ്റ് മാസം 19-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും